## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5990 — 10.07.2012 ൽ മറുപടിയ്ക്ക്

### ഐ.എ.വൈ. പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. വി. വിജയദാസ് | | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) | |
| എ) | 15-9-2011 ന് ശേഷം ഐ. എ. വൈ. പദ്ധതി പ്രകാരം വീടുകളുടെ തുക 2 ലക്ഷം ആയി വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത തീയതിയ്ക്ക് മുൻപ് എഗ്രിമെന്റ് വച്ചിട്ടുളളവർക്കും നിർമ്മാണത്തിലിരിക്കുന്നവർക്കും വർദ്ധിപ്പിച്ച 2 ലക്ഷംരൂപ നൽകുന്നതിന് നടപടി സ്വീകരിയ്ക്കുമോ; | എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം, ജനറൽ, പട്ടികജാതി വിഭാഗങ്ങൾക്ക് നൽകിയിരുന്ന ധനസഹായ തുക യഥാക്രമം 75,000/-, 1,00,000/- എന്നുള്ളതിൽ നിന്നും 2,00,000/- രൂപ ആക്കി 15.09.2011 മുതൽ പ്രാബല്യം നൽകി വർദ്ധിപ്പിച്ചിരുന്നു. പട്ടിക വർഗ്ഗ വിഭാഗത്തിന് 1,25,000/- എന്നുള്ളതിൽ നിന്നും 2,50,000/- രൂപ ആക്കി 15.09.2011 മുതൽ പ്രാബല്യം നൽകി വർദ്ധനവ് വരുത്തിയിട്ടുണ്ട്. 15.09.2011 ന് ശേഷം മുഴുവൻ പണിയും നടത്തുന്നവർക്ക് മുഴുവൻ തുകയും 15.09.2011 ന് മുൻപ് ഒന്നോ അതിലധികമോ ഘട്ടങ്ങൾ പൂർത്തീകരിച്ച് ധനസഹായം സ്വീകരിച്ചവർക്ക് ശേഷിക്കുന്ന ഘട്ടങ്ങൾക്ക് ആനുപാതിക വർദ്ധനവുമാണ് ബാധകമാക്കിയത്. |
| ബി) | ഉണ്ടെങ്കിൽ ഇപ്രകാരം തുക വർദ്ധിപ്പിക്കുന്ന സാഹചര്യത്തിൽ അധികമായി വരുന്ന തുക ബ്ലോക്കുകൾക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | ബി) | ഐ.എ.വൈ പദ്ധതി പ്രകാരം നൽകുന്ന ധനസഹായം വർദ്ധിച്ചത് വഴി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വന്നിട്ടുള്ള അധിക ബാധ്യത പരിഹരിക്കുന്നതിനെ സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ